ഭരണഭാഷ — മാതൃഭാഷ

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

നമ്പർ. ജ3/2948/2016/റ്റിസി

തീയതി, 02.03.2016

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ.

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* — വകുപ്പിലെ ഉദ്യോഗസ്ഥരുടെ അഴിമതികളും ക്രമക്കേടുകളും — പൊതു നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നം.1340/സി1/2016/ഗതാഗതം തീയതി 26.02.2016

മോട്ടോർ വാഹന വകുപ്പിൽ പലവിധ സേവനങ്ങൾക്കും സമീപിക്കുന്ന പൊതു ജനങ്ങളെ പലവിധത്തിൽ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന മധ്യവർത്തികളുടെയും ഇടത്തട്ടുകാരുടെയും ഇടപെടൽ ഒഴിവാക്കുന്നതിന് വേണ്ടി ടി വകുപ്പിനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി.

വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ സേവനങ്ങൾക്കായി സമീപിക്കുന്ന ഏതൊരു സേവനങ്ങൾക്കും പൊതു ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഇടയിൽ ഒരു മധ്യവർത്തിയായി പ്രവർത്തിക്കുന്നവരെ പൂർണ്ണമായി ഒഴിവാക്കുന്നതിനും അനാവശ്യമായി ഓഫീസ് പ്രവർത്തനങ്ങളിൽ ഇത്തരക്കാരുടെ ഇടപെടൽ കർശനമായി നിയന്ത്രിക്കുന്നതിനും നിരവധി സർക്കുലറുകളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ വകുപ്പ് മേധാവികൾ പുറപ്പെടുവിക്കുന്ന ഇത്തരം സർക്കുലറുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല എന്ന വസ്തുതയാണ് ഉദ്യോഗസ്ഥർക്കെതിരെയും ഓഫീസുകൾക്കെതിരെയും ലഭ്യമാകുന്ന പരാതികൾ വിരൽചൂണ്ടുന്നത്. ആയതിനാൽ ഡ്രൈവിങ്ങ് ടെസ്റ്റ് ഗ്രൗണ്ടിലെയും ഓഫീസ് പ്രവർത്തനങ്ങളിലും ഇടനിലക്കാരായി പ്രവർത്തിക്കുന്നവരെ പൂർണ്ണമായും ഒഴിവാക്കി ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ആർ.ടി.ഓഫീസ്/സബ് ഓഫീസുകളിൽ സേവനങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ അവർക്ക് അർഹതപ്പെട്ട സേവനങ്ങൾ ചെയ്തു കൊടുക്കുന്നുണ്ടോയെന്ന് ഓഫീസ് മേധാവികൾ ജാഗ്രത പുലർത്തേണ്ടതാണ്. ഇത്തരത്തിൽ വകുപ്പ് മേധാവികൾ പുറപ്പെടുവിക്കുന്ന സർക്കുലറുകളും നിർദ്ദേശങ്ങളും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ.
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,
[signature] 3/3/16
സീനിയർ സൂപ്രണ്ട്